കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-9/1144/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്,
ഇ-മെയിൽ:- doksd.ksad@kerala.gov.in
ഫോൺ:- 0499-4256690

തിയതി: 14.11.2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് -2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-1, 3-5, 3-6 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖാന്തിരം)

2)അസി.ഡെലവപ്പ്മെന്റ് കമ്മീഷണർ(ജനറൽ) കാസർകോഡ്
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി.9-1144/2017 തിയ്യതി: 14.11.2017

## <u>കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17</u>

# സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

*****

കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-04-2016 മുതൽ 31-03-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള ഉചിതമായ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ടഉദ്യോഗസ്ഥൻ | | സി.വൈ.സലിം, സീനിയർ ഡെപ്യൂട്ടിഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 26-10-2017 മുതൽ 04-11-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | സത്യാനന്ദൻ.സി.വി. | ഓഡിറ്റ് ഓഫീസർ |
| | | സുനിൽകുമാർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | സുധീഷ്.എൻ.കെ | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | | ശ്രീമതി. വി.പി.ജാനകി | 01-04-16മുതൽ31.03.2017 |
| സെക്രട്ടറി | : | ശ്രീ.നാരായണൻ.കെ.വി | 01-04-16 മുതൽ 30-07-2016 FNവരെ |
| | | ശ്രീമതി.പാത്തുമ്മ.എം.എം. (ഇൻ ചാർജ്ജ്) | 30-07-2016 AN മുതൽ 01-12-16 വരെ |
| | | ശ്രീ.സുനിൽ കുമാർ.കെ. (ഇൻ ചാർജ്ജ്) | 02-12-16 മുതൽ 27-12-16 FNവരെ |
| | | ശ്രീ.ഷാജി മാത്യൂ (ഇൻ ചാർജ്ജ്) | 27-12-16 AN മുതൽ 31-03-17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| അസി. എക്സി.എഞ്ചിനിയർ | | ശ്രീ.രാജീവൻ ഉറുമിവളപ്പിൽ | 01-04-16മുതൽ31-03-17വരെ |
| കൃഷി,അസി.ഡയറക്ടർ | | ശ്രീമതി.വീണാറാണി | 01-04-16 മുതൽ 31-03-17വരെ |
| സി.ഡി.പി.ഒ. | | ശ്രീമതി.ശോഭ.പി | 01-04-16.മുതൽ 15-10-16വരെ |
| | | ശ്രീമതി.പ്രവ്ദ പീറ്റർ | 16-10-16മുതൽ 31-03-17വരെ |
| ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | | ശ്രീ.പി.എച്ച്. സിനാജുദ്ദീൻ | 01-04-16 മുതൽ 31-03-17വരെ |
| സൂപ്രണ്ട്, താലൂക്ക് ആശുപത്രി, തൃക്കരിപ്പൂർ | | ഡോ.മനോജ്.ജെ.എച്ച്. | 01-04-16 മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ചെറുവത്തൂർ | | ഡോ.രമേഷ്.ഡി.ജി. | 01-04-16 മുതൽ 31-03-17വരെ |
| പട്ടികജാതിവികസന ഓഫീസർ | | ശ്രീ എം. സതീഷ് കുമാർ | 01-04-16 മുതൽ 31-03-17വരെ |
| പട്ടികവർഗ്ഗ വികസനഓഫീസർ | | ശ്രീ.മധുസൂദനൻ.കെ. | 01-04-16 മുതൽ 31-03-17വരെ |

<u>ഉള്ളടക്കം</u>


| ക്രമനം. | ഭാഗം 1 | ഖണ്ഡികനം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| | ഭാഗം 2 | |
| 12 | വാർഷികധനകാര്യ പത്രികയുടെ പരിശോധന- അപാകതകൾ | 2-1 |
| 13 | ഇ.ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-2 |
| | ഭാഗം 3 | |
| 14 | തനത് ഫണ്ട് പദ്ധതികൾക്കായി വകയിരുത്തൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-1 |
| 15 | കൈമാറികിട്ടാത്ത സ്ഥാപനത്തിലെ ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് പഞ്ചായത്ത് ഫണ്ട് അനുവദിച്ചു. | 3-2 |
| 16 | ബ്ലോക്ക് ഓഫീസ് നവീകരണം- ഫർണിച്ചർ വാങ്ങൽ- സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. | 3-3 |
| 17 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-4 |
| 18 | വാഹന ഉപയോഗം - ഉത്തരവുകൾ പാലിക്കുന്നില്ല. | 3-5 |
| 19 | ഐ.എ.വൈ. ഭവന നിർമ്മാണം - അവലോകനം. | 3-6 |
| 20 | കരാർ വയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല. | 3-7 |
| 21 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പ്രവൃത്തികൾ ചെയ്തു- വിശദീകരണം ആവശ്യമാണ് | 3-8 |
| 22 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക കുറച്ചു നൽകി. | 3-9 |
| 23 | താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. | 3-10 |
| 24 | മെഡിക്കൽ ഓഫീസർ,ചെറുവത്തൂർ സി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികൾ – അപാകതകൾ. | 3-11 |
| 25 | സ്വകാര്യ സ്ഥാപനത്തിൽ നിന്നും കുറഞ്ഞ നിരക്കിൽ വാങ്ങുന്ന മരുന്നുകൾക്കും അനുബന്ധ സാമഗ്രികൾക്കും വിതരണം ചെയ്യുന്ന വേളയിൽ 'കാരുണ്യ' കൂടിയ നിരക്ക് ഈടാക്കുന്നു - അധികചെലവ്. | 3-12 |
| 26 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം- | 3-13 |

| | | |
|---|---|---|
| | കാര്യക്ഷമമല്ല. | |
| | ഭാഗം 4 | |
| 27 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 36 | 1)ഓഡിറ്റ് സർട്ടിഫിക്കറ്റ്<br>2)ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്<br>3)റസീറ്റ് & പേമെന്റ് അക്കൗണ്ട്<br>4) ബാലൻസ് ഷീറ്റ് | അനുബന്ധം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-17 ലെ ബജറ്റ് പാസ്സാക്കിയനം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| 173/29.02.2016 | 30.03.2017 |

ബജറ്റ് പ്രകാരം

| | ബജറ്റ് | ബജറ്റ് (പുതുക്കിയത്) | യഥാർത്ഥ തുക |
|---|---|---|---|
| മുൻബാക്കി | 4,17,00,000 | 55,79,778 | 4,89,84,040 |
| വരവ്- | 26,60,80,000 | 4,02,30,353 | 5,06,75,182 |

| | | | |
|---|---|---|---|
| ആകെ- | 30,77,80,000 | 4,58,10,131 | 9,96,59,222 |
| ചെലവ്- | 30,72,52,000 | 4,41,10,131 | 6,41,92,110 |
| നീക്കിബാക്കി | 5,28,000 | 17,00,000 | 3,54,67,112 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ, സ്ഥാപനത്തിലെ ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്ക് ഓരോ വർഷവും ജനവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 03.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന്കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 30.10.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയിഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുൻബാക്കി | 4,89,84,040 |
| വരവ് | 5,06,75,182 |
| ആകെ | 9,96,59,222 |
| ചെലവ് | 6,41,92,110 |
| നീക്കിബാക്കി | 3,54,67,112 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷവരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ്% |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,23,52,109 | 2,23,52,109 | 2,23,52,109 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 0 | 50,94,909 | 50,94,909 | 50,94,909 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,06,452 | 1,06,452 | 1,06,452 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 34,78,650 | 34,78,650 | 34,78,650 | 0 | 100% |
| തൊഴിലുറപ്പ് | 0 | 5,48,505 | 5,48,505 | 5,34,637 | 13,868 | 97.47% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ചപദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 54 | 38 | 16 | 0 | 70.37% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർഷത്തിൽനടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം (ഭാഗികമായി നടപ്പിലാക്കിയതുൾപ്പെടെ) | ചെലവ് ശതമാനം. |
|---|---|---|---|---|

| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 15 | 1,63,08,842 | 15 | 1,57,58,488 | 96.6% |
| 2 | അസി.എക്സി.എഞ്ചിനിയർ | 26 | 1,36,90,939 | 26 | 77,10,380 | 56.32% |
| 3 | ശിശുവികസനപദ്ധതിഓഫീസർ | 1 | 7,25,000 | 1 | 7,25,000 | 100% |
| 4 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി., ചെറുവത്തൂർ | 5 | 37,82,850 | 5 | 37,48,850 | 99.1% |
| 5 | കൃഷി അസി.ഡയറക്ടർ | 1 | 12,67,500 | 1 | 12,67,500 | 100% |
| 6 | ക്ഷീരവികസന ഓഫീസർ | 2 | 11,00,000 | 2 | 11,00,000 | 100% |
| 7 | മെഡിക്കൽ ഓഫീസർ താലൂക്ക്ആശുപത്രി,തൃക്കരിപ്പൂർ | 2 | 9,00,000 | 2 | 9,00,000 | 100% |
| 8 | ട്രൈബൽഎസ്റ്റൻഷൻഓഫീസർ | 1 | 1,09,000 | 1 | 1,07,890 | 99% |
| 9 | പട്ടികജാതി വികസനഓഫീസർ | 1 | 1,00,000 | 1 | 1,00,000 | 100% |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| പലിശ വരവുകൾ | 8,89,246 | 7,78,424 | -1,10,822 |
| നികുതിയേതര വരവുകൾ | 1,09,500 | 1,13,000 | +3,500 |
| മറ്റു വരവുകൾ | 41,600 | 73,175 | +31,575 |
| ആകെ | 10,40,346 | 9,64,599 | -75,747 |

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

ഓഡിറ്റ് തീയ്യതികളിൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-10 ആഭ്യന്തര ഭരണ നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും, പൊതുജനങ്ങൾക്ക് താമസമില്ലാതെ സേവനം ലഭിക്കുന്നതിനും സഹായകമായ വിധത്തിൽ ആഭ്യന്തര ഭരണനിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്. സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ പ്രാദേശിക സർക്കാരിന്റെ ഭാഗമായ ജീവനക്കാർ എന്ന നിലയിലുള്ള ഔദ്യോഗിക ചുമതലകളുടെ നിർവ്വഹണവും ജീവനക്കാരുടെ ചുമതലയാണ്. ഓഫീസ് ഓർഡർ ബുക്ക് പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ പ്രതിമാസ യോഗങ്ങൾ ചേരുന്നുണ്ട്. രേഖകളുടെയും രജിസ്റ്ററുകളുടെയും തയ്യാറാക്കലും സൂക്ഷിപ്പും കൂടുതൽ കാര്യക്ഷമമാവേണ്ടതുണ്ട്. ജീവനക്കാർ ചെയ്തു തീർക്കേണ്ട പ്രവൃത്തികളും കടമകളും ഉത്തരവാദിത്വവും വിവരിക്കുന്ന ഓഫീസ് ഉത്തരവ് നിലവിലുണ്ട്. എന്നാൽ പല ജീവനക്കാരും ഈ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം കടമകൾ നിർവഹിച്ചിട്ടില്ല എന്ന് കാണുന്നു. സ്ഥാപനത്തിലെ സ്ഥാവരജംഗമ വസ്തുക്കളെ സംബന്ധിച്ചുള്ള സ്റ്റോക്ക് രജിസ്റ്റർ നാളിതുവരെയായി തയ്യാറാക്കിയിട്ടില്ല. ശരിയായ മേൽനോട്ടം ഇക്കാര്യത്തിൽ നടത്തിയിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. നിർവ്വഹണഉദ്യോഗസ്ഥന്മാർ മുഖേനയുള്ള പദ്ധതിനടത്തിപ്പിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം ഓഡിറ്റിന്റെ ശ്രദ്ധയിൽപെടുകയുണ്ടായി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ തസ്തികകളിൽ വിവിധകാലയളവുകളിൽ സേവനമനുഷ്ഠിച്ചവരുടെ പേര്,വിലാസം,സേവനകാലയളവ്, സ്ഥലം മാറ്റ വിവരം, എന്നിവ രേഖപെടുത്തുന്ന ഇൻക്യുബൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കാലീകമാക്കിയിട്ടില്ല. ഓഡിറ്റ് റിക്കവറി റജിസ്റ്ററും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19.05.2017 | 2016-17 | 06.10.2017 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 01.12.2008 to 10.12.2008 | 2007-08 | 28.01.2009 | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- അപാകതകൾ

വാർഷിക ധനകാര്യ പത്രികയുടെയും അനുബന്ധ രജിസ്റ്ററുകളുടെയും, രേഖകളുടെയും പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1)2015-16 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല. പരിഹരിച്ചവയുടെ വിശദ വിവരം അക്കൗണ്ട്സിനോട് കൂടെ കുറിപ്പുഫയലാക്കി ഉള്ളടക്കം ചെയ്തിട്ടില്ല.

2)സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

3)ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ വാങ്ങലുകളുടെ മൂല്യം, ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.ഓരോ മാസാന്ത്യവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

4)ബാലൻഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 1,84,827/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ (ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡിൽ തന്നെയാണ് കാണിച്ചിരിക്കുന്നത്.

5)B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെയും, B-9ൽ ഉൾപ്പെടുത്തിയ തുകകളുടെയും കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 2-2 ഇ. ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 93,300/- രൂപ (20 പ്രവർത്തികളുടെ) നാളിതുവരെ ബ്ലോക്ക്പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ബ്ലോക്ക്പഞ്ചായത്തിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് അന്വേഷണം നം.6-ന് ടെണ്ടർ ഫോറം വില തിരികെ ഈടാക്കിയിട്ടില്ല എന്ന് മറുപടി ലഭിച്ചു. 2014-15, 2015-16 വർഷങ്ങളിലെ ടെണ്ടർ ഫോറം വിലയും തിരികെ ഈടാക്കിയിട്ടില്ല. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ബ്ലോക്ക്പഞ്ചായത്തിനു ലഭിക്കേണ്ട തുക ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത് ഫണ്ട് പദ്ധതികൾക്കായി വകയിരുത്തൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

11.01.2016ലെ (എം.എസ്.)4/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 7-(iii),(iv),(v) എന്നിവ പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17) 2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതികളിൽ തനത് ഫണ്ട് സ്രോതസ്സ് ഉൾപ്പെടുത്തേണ്ടത് എങ്ങിനെയെന്ന് വിശദീകരിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തനത്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതായ വികസനേതര ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, അനിവാര്യ-പൊതു ചുമതലകൾ തുടങ്ങിയവ നിറവേറ്റുന്നതിനായി തുക മാറ്റി വച്ചതിനു ശേഷം, മിച്ചമുള്ള തുക തനത് ഫണ്ട് സ്രോതസ്സായി പദ്ധതികൾക്കായി ഉൾപ്പെടുത്തണം. എന്നാൽ ഓഡിറ്റ് വർഷത്തിൽ പദ്ധതികൾക്കായി തനതു ഫണ്ടിൽ നിന്നും (മുന്നിരിപ്പ് ഉൾപ്പടെ) തുക വകയിരുത്തിയിട്ടുള്ളത് മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല. 2014-15 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായ തനത് ഫണ്ടിന്റേയും, 2016-17 വർഷത്തിൽ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി തനത് ഫണ്ട് വകയിരുത്തി

ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത് ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകൾ, ഐ.കെ.എം.പദ്ധതി ചെലവ് പത്രികകൾ, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരമാണ്)

തനത് ഫണ്ട് വരവ് 2014-15

| | |
|---|---|
| മുൻബാക്കി | 8,39,291 |
| നികുതി വരവുകൾ | -- |
| നികുതിയേതര വരവുകൾ | 1,19,550 |
| പലിശ | --- |
| ജനറൽ പർപ്പസ് ഫണ്ട് (മുന്നിരിപ്പ്) | 15,41,232 |
| ജനറൽ പർപ്പസ് ഫണ്ട് (തൻവർഷ വരവ്) | 28,00,000 |
| ആകെ വരവ് | 53,00,073 |

പഞ്ചായത്തിന് ലഭിച്ച വിവിധയിനങ്ങളിലെ ഡപ്പോസിറ്റ് തുക, വിവിധ പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച തുക എന്നിവ ഒഴിവാക്കി, തനത് ഫണ്ടിനത്തിൽ മാത്രം നീക്കിയിരിപ്പുള്ള തുകയാണ് മുൻബാക്കിയിനത്തിൽ കാണിച്ചിട്ടുള്ളത്.

| എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | ഭരണപരമായ ചെലവുകൾ | ഓപ്പറേഷൻ &മെയിന്റനനസ് | മറ്റ് ചെലവുകൾ | ആകെ |
|---|---|---|---|---|
| 14,69,232 | 6,42,479 | 5,23,806 | 1,28,877 | 27,64,394 |

പദ്ധതികൾക്കായി തനത് ഫണ്ട് വകയിരുത്തിയതിന്റേയും ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| 2016-17 വർഷം വകയിരുത്തിയ തുക | 2016-17 വർഷം ചെലവഴിച്ച തുക |
|---|---|
| 69,52,011 | 3,85,988 |

2014-15 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് തനത് ഫണ്ടിനത്തിൽ ലഭ്യമായ തുകയിൽ വികസനേതര എസ്റ്റാബ്ലിഷ്മെന്റ് കണ്ടിജന്റ് ചെലവുകൾ, അനിവാര്യ-പൊതു ചുമതലകൾ തുടങ്ങിയവ നിറവേറ്റുന്നതിനായി ചെലവഴിച്ചതിനു ശേഷം മിച്ചമുള്ള തുക 25,35,679/-(53,00,073-27,64,394) രൂപയാണ്. എന്നാൽ പദ്ധതികൾക്കായി തനതു ഫണ്ടിൽ നിന്നും വകയിരുത്തിയത് 69,52,011/-രൂപയാണ്. മാർഗ്ഗ രേഖയിലെ ഖണ്ഡിക 7(v)പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ച തനത് ഫണ്ട് തുകയുടെ 15% ത്തിൽ അധികരിച്ച തുക (2014-15 വർഷത്തെ ആസ്പദമാക്കി) അടുത്ത സാമ്പത്തിക വർഷ പദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കണം. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെയും, പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത പരിശോധിക്കാതെയും തനത് ഫണ്ട് പദ്ധതികൾക്കായി വകയിരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 കൈമാറികിട്ടാത്ത സ്ഥാപനത്തിലെ ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് പഞ്ചായത്ത് ഫണ്ട് അനുവദിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 181, 18.09.1995 ലെ സ.ഉ.(പി)189/95/ത.സ്വ.ഭ.വ. എന്നിവ പ്രകാരം സർക്കാരിന്റെ വിവിധ വകുപ്പുകളിൽപ്പെട്ട സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും ജില്ല/ബ്ലോക്ക് /ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. 29.03.1999-ലെ (പി)69/99/ത.സ.ഭ.വ. നം. ഉത്തരവിലൂടെ ക്ഷീരവികസന മേഖലയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതികൾ നടപ്പാക്കുന്നതിനായി ഡയറി എക്സ്റ്റെൻഷൻ ഓഫീസർമാരെയും, ശിശു വികസന പദ്ധതികൾ നടപ്പാക്കുന്നതിനായി സി.ഡി.പി.ഒ. മാരേയും സർക്കാർ നിയോഗിച്ചിട്ടുണ്ട്. മേൽ ഉദ്യോഗസ്ഥരുടെ കാര്യാലയങ്ങൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറി നൽകിയിട്ടില്ല. ആയതിനാൽ തന്നെ മേൽ കാര്യാലയങ്ങളുടെ ദൈനംദിന ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതില്ല. എന്നാൽ താഴെ പറയുന്ന ചെലവുകൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | ചെക്ക് നം, തീയ്യതി | തുക നല്കിയതിന്റെ വിവരം | ചെലവ്തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 0940581/ 27.04.2016 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 18,357 | വൈദ്യുതിചാർജ്ജ്, ടെലിഫോൺ ചാർജ്ജ് മറ്റ് ചെലവുകൾ |
| 2 | 0602260/ 08.09.2016 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 8,913 | |
| 3 | 4500/ 23.01.2017 | സി.ഡി.പി.ഒ. | 4,500 | |
| ആകെ | | | 31,770 | |

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 3/02.11.2017).

## 3-3 ബ്ലോക്ക് ഓഫീസ് നവീകരണം- ഫർണിച്ചർ വാങ്ങൽ- സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ- SO.038/17,പ്രോജക്ടിന്റെ പേര് - ബ്ലോക്ക് ഓഫീസ് നവീകരണം

നിർവ്വഹണം: സെക്രട്ടറി

അടങ്കൽ - 16,80,000 (വികസന ഫണ്ട്-11,29,633 രൂപ +മെയിന്റെനൻസ് ഫണ്ട്(റോഡിതരം)-13 രൂപ +തനത് ഫണ്ട്-5,50,354 രൂപ)

ചെലവ്: -

| ബിൽ നമ്പർ & തീയ്യതി | തുക | ഫണ്ടിനം |
|---|---|---|
| 14/25-02-2017 | 6,80,673 | വികസന ഫണ്ട് |
| 28/28-03-2017 | 4,48,960 | വികസന ഫണ്ട് |
| 29/28-03-2017 | 13 | മെയിന്റെനൻസ് ഫണ്ട്(റോഡിതരം) |
| ആകെ | 11,29,646 | |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2016-17 വർഷം നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരിക്കുന്നതിനു വേണ്ടി വിവിധ ഫർണിച്ചറുകൾ വാങ്ങുന്നതിനായി 11,29,646 രൂപ (ഇൻവോയിസ് നം. 398/08-02-2017, ഇൻവോയിസ് നം. 611/18-03-2017) ചെലവഴിച്ചിട്ടുണ്ട്. റബ്കോ,കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് ഫർണിച്ചർ വാങ്ങിയിട്ടുള്ളത്. ഇതിൽ ഒന്നാം ഘട്ടമായി ഇൻവോയിസ് നം. 398/08-02-2017 പ്രകാരം 6,80,673 രൂപയുടെ ഫർണിച്ചറും, രണ്ടാം ഘട്ടത്തിൽ ഇൻവോയിസ് നം. 611/18-03-2017 പ്രകാരം 9,78,973 രൂപയുടെ ഫർണിച്ചറും വാങ്ങിയതായി കാണുന്നു. ഇതിൽ വിവിധ ബില്ലുകൾ പ്രകാരം 11,29,646 രൂപ റബ്കോ, കണ്ണൂരിന് അനുവദിച്ചിട്ടുണ്ട്. ബില്ല് പ്രകാരം ബാക്കി 5,30,000 രൂപ നല്കുവാൻ ബാക്കിയുള്ളതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിതരണം സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ എൻക്വയറി നമ്പർ 03/03-11-2017 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ഹാജരാക്കിയില്ല. വാങ്ങിയ സാധനങ്ങൾ നിലവിൽ സ്ഥാപിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. കൂടാതെ ബ്ലോക്ക് പഞ്ചായത്തിൽ നാളിതുവരെയുള്ള എല്ലാവിധ ഫർണിച്ചറുകളുമായി ബന്ധപ്പെട്ട സ്റ്റോക്ക് വിവരങ്ങളും ലഭ്യമല്ല. ഇക്കാരണത്താൽ 11,29,646 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ഓഡിറ്റ് വർഷത്തിൽ സംയുക്ത പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകൾക്കും, മറ്റ് സ്ഥാപനങ്ങൾക്കും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും താഴെ പറയുന്ന തരത്തിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ലഭ്യക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണം- സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്

| ക്രമ നം. | പദ്ധതി പേര്, നമ്പർ | ചെലവ്തുക,ബിൽനം, തീയതി | റിമാർക്സ് |
|---|---|---|---|
| 1 | ഖരമാലിന്യ സംസ്കരണം-SO.037/16-17, | 6,00,000-വികസനഫണ്ട് 20/16-17/28-02-17 | തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്തിന് നൽകി.കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | മുട്ടക്കോഴി വളർത്തൽ(വനിത)ഗ്രാമ പഞ്ചായത്തിന് വിഹിതം നല്കൽ - 27/16-17 | 4,30,000-വികസനഫണ്ട് 18/16-17/28-02-17 | തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന് 1,30,000 രൂപയും ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന് 3,00,000 രൂപയും നൽകി തുക കൈപ്പറ്റിയതിന്റെ രശീതി വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3 | ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന് പകൽ വീടിന് വിഹിതം നൽകൽ-17/16-17 | 3,50,000-വികസനഫണ്ട് 18/16-17/28-02-17 | ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന് നൽകി.കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 4 | NPRPD-വിഹിതം നൽകൽ-So.032/16-17 | 4,50,000-വികസനഫണ്ട് 01/16-17/21-10-16 4,00,000- | കാസർഗോഡ് ജില്ലാ പഞ്ചായത്തിന് നൽകി.തുക കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | വികസനഫണ്ട് 16/16-17/28-02-17 | |
| 5 | എ.ബി.സി പദ്ധതി വിഹിതം നൽകൽ- So.060/16-17 | 4,00,000- വികസനഫണ്ട് 08/16-17/23-01-17 | ഡെപ്യൂട്ടി ഡയറക്ടർ(AH),ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നൽകി. തുക കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| 6 | സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം So.063/16-17 | 5,89,220- വികസനഫണ്ട് 07/16-17/23-01-17 4,10,780- വികസനഫണ്ട് 19/16-17/28-02-17 | കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടിവ്. ഡയറക്ടർക്ക് നൽകി തുക കൈപ്പറ്റിയതിന്റെ രശീതി,ചെലവു രേഖകൾ,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. |
| ആകെ | | 36,30,000 രൂപ | |

പദ്ധതി പൂർത്തീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-5 വാഹന ഉപയോഗം : ഉത്തരവുകൾ പാലിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ നിലവിൽ 2 വാഹനങ്ങളാണുള്ളത്. (പ്രസിഡന്റിന്റെ വാഹനം : കെ.എൽ-60-ഇ -6602, ഓഫീസ് വാഹനം : കെ.എൽ-60-ഡി-8751). മേൽ വാഹനങ്ങളുടെ രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. റിപ്പയർ നടത്തുന്നതിലെ അപാകതകൾ

ഓഫീസ് വാഹനങ്ങൾക്ക് അടിയന്തിരമായി റിപ്പയറോ അറ്റകുറ്റ പണികളോ ആവശ്യമാണെന്നു തോന്നുന്ന പക്ഷം ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട കസ്റ്റോഡിയൻ ഓഫീസർക്ക് നൽകേണ്ടതാണ്. സർക്കാർ ഉത്തരവ് (കൈ) 170/07/ത.സ്വ.ഭ.വ, 30.06.2007 പ്രകാരം പതിനായിരം രൂപക്ക് താഴെയുള്ള അറ്റകുറ്റപണികൾ സർക്കാർ അംഗീകാരമുള്ള വർക്ക് ഷോപ്പ് മുഖേന ഭരണസമിതിയുടെ അംഗീകാരത്തിനു വിധേയമായി ചെയ്യിക്കാവുന്നതാണ്. എന്നാൽ പതിനായിരം രൂപക്ക് മുകളിൽ ചെലവ് വരുന്ന വാഹന സംബന്ധിയായ എല്ലാ റിപ്പയറുകളും ഭരണ സമിതിയുടെ അംഗീകാരത്തിന് വിധേയമായി മൽസര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തേണ്ടതാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കായി മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. വാഹന റിപ്പയർ നടത്തിയ ശേഷം ഡ്രൈവർ നൽകുന്ന രേഖകൾ പരിഗണിച്ച് തുക അനുവദിക്കുകയാണ് ചെയ്യുന്നത്.

| ചെക്ക് നമ്പറും തീയതിയും | വാഹന നമ്പർ | ചെലവ് തുക | റിപ്പയർ ചെയ്യുന്ന സ്ഥാപനം |
|---|---|---|---|
| 0602221/തീ-04.07.2017 | കെ.എൽ 60-ഇ-6602 | 10,285/- രൂപ | ഇറാം മോട്ടോഴ്സ് |

മേൽ വാഹന റിപ്പയറിംഗുകൾക്കായി പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറിൽ നിന്നും അനുമതി ലഭിച്ച എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റും ക്വട്ടേഷനുകൾ സംബന്ധിച്ച രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. ലോഗ് ബുക്ക് സൂക്ഷിപ്പ് സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്തിലെ വാഹനങ്ങളുടെ ലോഗ് ബുക്ക് സൂക്ഷിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

- ആറു മാസത്തിലൊരിക്കൽ നടത്തേണ്ട ഫ്യുവൽ എഫിഷ്യൻസി ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
- മാസാന്ത സംക്ഷിപ്തം രേഖപ്പെടുത്തുന്ന സമയത്ത് വാഹനത്തിലെ ഇന്ധനത്തിന്റെ അളവ് സംബന്ധിച്ചോ തൻമാസം എത്ര അളവ് ഇന്ധനം ഉപയോഗിച്ച എന്നിങ്ങനെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തുന്നില്ല.
- തങ്ങിയ സമയം, ഏതാവശ്യത്തിനാണ് യാത്ര ചെയ്തത് ഉടങ്ങിയവ രേഖപ്പെടുത്തുന്നില്ല.

3. മറ്റ് അപാകതകൾ.

എ) സ.ഉ. (കൈ) 170/07,ത.സ്വ.ഭ.വ. 30.06.07 പ്രകാരം സൂക്ഷിക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

- ഇന്ധന ഓർഡർ ബുക്ക്
- റിപ്പയർ രജിസ്റ്റർ
- സ്റ്റോക്ക് രജിസ്റ്റർ
- ഫ്യുവൽ രജിസ്റ്റർ

ബി) ഇന്ധന ടാങ്കിൽ പൂർണമായും ഇന്ധനം നിറയ്ക്കുന്നില്ല.

സി)ഓരോ വാഹനത്തിന്റെ കസ്റ്റോഡിയനും വാഹന സംബന്ധിയായി എല്ലാ ഇനത്തിലുമുള്ള ചെലവ് സംബന്ധിച്ച് വൗച്ചർ സഹിതം ആറു മാസത്തിലൊരിക്കൽ മേലുദ്യോഗസ്ഥന് (24.02.2003 ലെ സ.ഉ. (കൈ) നം.113/2003/ധന. ഉത്തരവ്) റിപ്പോർട്ട് ചെയ്യണം. എന്നാൽ ആയത് റിപ്പോർട്ട് ചെയ്യുന്നില്ല.

ഡി)കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറുടെയോ സാന്നിധ്യത്തിലാണ് ഇന്ധനം നിറയ്ക്കേണ്ടത്. എന്നാൽ ഇന്ധനം നിറച്ചത് കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. വാഹന ഉപയോഗത്തിന്റെ കാര്യത്തിൽ സർക്കാർ മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 3-6 ഐ.എ.വൈ.ഭവന നിർമ്മാണം - അവലോകനം

A) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്കും ഇതര സമുദായങ്ങളിൽപെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ച് നൽകി കൊണ്ട് അവരുടെ പാർപ്പിട പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുക എന്നതാണ് ഐ.എ.വൈ. ഭവന പദ്ധതിയുടെ ലക്ഷ്യം. ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നത്. എന്നാൽ ശരിയായ നിയന്ത്രണമോ മുൻ കൂട്ടിയുള്ള തയ്യാറെടുപ്പുകളോ നടത്താത്തതിനാൽ മിക്ക ബ്ലോക്ക് പഞ്ചായത്തുകളിലും ഈ ഇനത്തിൽ ലഭിച്ച തുക കെട്ടിക്കിടക്കുന്നു. നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിലും സ്ഥിതി വ്യത്യസ്തമല്ല എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

2011-12 മുതൽ 2016-17 വരെ ഐ.എ.വൈ.ഭവന നിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായി കരാർ വയ്ക്കുകയും ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുള്ളവരുടെ വിവരങ്ങൾ താഴെകൊടുക്കുന്നു.

| വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക |
|---|---|---|---|
| 2010-11 | 298 | 72 | 69,71,750 |

| | | | |
|---|---|---|---|
| 2011-12 | 179 | 30 | 36,37,034 |
| 2012-13 | 226 | 45 | 72,01,322 |
| 2013-14 | 219 | 18 | 23,73,500 |
| 2014-15 | 215 | 42 | 51,06,400 |
| 2015-16 | 155 | 36 | 69,95,000 |
| 2016-17 | 17 | 13 | 21,87,000 |
| ആകെ | 1309 | 256 | 3,44,72,006 |

ഇതിൽ 24 പേർ ഒന്നാംഗഡു മാത്രം കൈപ്പറ്റിയവരാണ്. 2010-11 മുതലുള്ള ഗുണഭോക്താക്കളിൽ ആനുകൂല്യം കൈപ്പറ്റി ഇനിയും ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ പട്ടിക തയ്യാറാക്കി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനു വന്നിട്ടുള്ള പ്രശ്നങ്ങൾ പ്രത്യേകം ചർച്ചചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കാത്തവരെ കൊണ്ട് ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ് അല്ലാത്തവരിൽ നിന്നും നൽകിയ തുക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിന് നൽകേണ്ടതാണ്.

ഐ.എ.വൈ., പി.എം.എ.വൈ ഭവന നിർമ്മാണത്തിനായി 2016-17 വർഷം ലഭ്യമായ വിവിധ ഫണ്ടുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ട് ഇനം | വരവ് | ചെലവ് |
|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | 4,07,500 | 3,22,500 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 77,52,485 | 77,52,485 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 4,93,500 | 3,53,500 |
| സ്റ്റേറ്റ് വിഹിതം | 30,46,839 | 30,46,839 |
| കേന്ദ്ര വിഹിതം | -- | 8,64,000 |

ഐ.എ.വൈ. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ഗ്രൂപ്പുകളിലായാണ് ബ്ളോക്ക് പഞ്ചായത്ത് ഭവന നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. അവ ഐ.എ.വൈ. ഭവന നിർമ്മാണം-വനിത, ഐ.എ.വൈ. ഭവന നിർമ്മാണം-എസ്.സി., ഐ.എ.വൈ. ഭവന നിർമ്മാണം-ജനറൽ എന്നിവയാണ്. 2011-12 വർഷം കരാർ വച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള വിഹിതത്തിന് അർഹതയുണ്ടെങ്കിലും തുക പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല.

ബ്ളോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ പ്രകാരം ധാരാളം വീടുകൾ ഐ.എ.വൈ. ഭവനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള തറ വിസ്തീർണ്ണത്തേക്കാൾ(66 ച.മി.) കൂടിയതായി കാണിച്ച് മുഴവൻ തുകയും നൽകിയിട്ടില്ലാത്തതായി കാണുന്നു. തദ്ദേശ സ്വയംഭരണ(ഡി.ഡി.) വകുപ്പിന്റെ 8-6-2016 ലെ സ.ഉ.(കൈ) നം.2008/16 പ്രകാരം അംഗീകരിച്ചിട്ടുള്ള തറവിസ്തീർണ്ണത്തിന്റെ 25% വരെ മാത്രമാണ് അധികരിച്ചിട്ടുള്ളതെങ്കിൽ മുഴവൻ തുകയും അനുവദിക്കാവുന്നതാണ്. ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

B)ഐ.എ.വൈ പദ്ധതി അക്കൗണ്ടിൽ ഒരു കോടിയിലധികം തുകയുടെ നീക്കിയിരുപ്പ്-പിൻവലിച്ച തുക വിതരണം ചെയ്തത് പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞില്ല.

ഐ.എ.വൈ.പ്ലാൻ അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധിച്ചതിൽ 31.03.2017 ൽ 1,43,84,764/- രൂപ നീക്കിയിരുപ്പുണ്ട്. ഇത്രയധികം തുക നീക്കിയിരിപ്പ് വന്നതിന് കൃത്യമായ മറുപടി നൽകാൻ കഴിഞ്ഞിട്ടില്ല. തുകയുടെ മുതൽ, പലിശ തിരിച്ചുള്ള വിവരവും ലഭ്യമല്ല. അക്കൗണ്ടിലുള്ള തുകയിൽ വ്യക്തത ഉറപ്പാക്കാൻ സാധിച്ചില്ല എങ്കിൽ അധികം തുക പിൻവലിച്ചാൽ കണ്ടെത്താനും കഴിയില്ല. ഗ്രാമ-ജില്ലാ പഞ്ചായത്ത് വിഹിതവും പ്ലാൻ ഫണ്ടും ഉള്ള അക്കൗണ്ടിലെ തുകയിൽ വ്യക്തത വരുത്തേണ്ടതാണ്.പദ്ധതി മാർഗ്ഗ രേഖ പ്രകാരം സാമ്പത്തിക വർഷം അവസാനിക്കുന്നത് വരെ ചെലവഴിക്കാൻ കഴിയാത്ത തുക ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് തിരികെ നൽകണമെന്നും ആവശ്യത്തിന് തുക നൽകാത്തവരിൽ നിന്നും വരും വർഷം ആയത് ക്രമപ്പെടുത്തണം എന്നുമാണ് ധനവിനിയോഗ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഐ.എ.വൈ. പദ്ധതി നിർവ്വഹണത്തിൽ ഇത് പാലിക്കപ്പെടുന്നില്ല. ആയതിനാൽ തന്നെ അക്കൗണ്ടിലുള്ള തുകയിൽ കൃത്യതയും ഇല്ല. ഐ.എ.വൈ അക്കൗണ്ടിന്റെ സാങ്കേതികത്വം കാരണം ഇതിനു കഴിയുന്നില്ല എന്ന ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതിനിർവ്വഹണത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിയ്ക്കേണ്ടതാണ്.

ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 കരാർ വയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല

അസി.എക്സി എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്ക് കരാറുകാരനെ തെരഞ്ഞെടുത്ത് അയക്കുന്ന കത്തിൽ (സെലക്ഷൻ നോട്ടീസ്) 14 ദിവസത്തിനകം കരാർ വച്ച് പ്രവൃത്തി ആരംഭിക്കണമെന്നും നിശ്ചിത തിയ്യതിക്കുള്ളിൽ കരാർ വയ്ക്കാത്ത പക്ഷം 1% പിഴ അടവാക്കി മാത്രമേ കരാർ വയ്ക്കാൻ സാധിക്കു എന്നും പറയുന്നുണ്ട്. ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി./01.02.12 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതായിരുന്നു. 14 ദിവസം കഴിഞ്ഞ് പി.എ.സി. യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ സമയ പരിധി കഴിഞ്ഞും ഫൈൻ ഈടാക്കാതെയും സർക്കാർ ഉത്തരവു പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് & പി.എ.സി. തുക | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പി.എ.സി.1% ഫൈൻ തുക |
|---|---|---|---|---|
| 1. | തങ്കയം- ചെറുകാനം റോഡ് റീ-ടാറിംഗ്- 15/2016-17, അടങ്കൽ 5,00,000<br>പി.എ.സി. തുക- 4,22,491 | D1/TN/16 26.12.2016 | 18.01.2017<br>പി.പി.തമ്പാൻ | 4,22,491x 1%<br>=4,225 |
| 2. | പുതങ്ങപൊയിൽ- ഒയോളം റോഡ് ടാറിംഗ് 12/2016-17<br>അടങ്കൽ 5,00,000<br>പി.എ.സി. തുക- 3,96,990 | D1/TN/16 26.12.2016 | 18.01.2017<br>ഇ.രവീന്ദ്രൻ | 3,96,990 x1%<br>3,970 |

| | | | | |
|---|---|---|---|---|
| | | | | 8,195 |

പിഴ ഈടാക്കാത്ത നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ആയതിനാൽ 8,195 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം 4 /03.11.2017).

## **3-8** ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പ്രവൃത്തികൾ ചെയ്തു-വിശദീകരണം ആവശ്യമാണ്.

നിർവ്വഹണം. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 172-ാം വകുപ്പ് (1)-ാം ഉപ വകുപ്പും പട്ടിക നാലിലെ ഖണ്ഡിക IX അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിന് ചെയ്യാവുന്ന പൊതുമരാമത്ത് പ്രവൃത്തികൾ താഴെ കൊടുക്കുന്നു.

1. ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചയത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക.

2. സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക

2015-16, 2016-17 എന്നീ വർഷങ്ങളിലെ പദ്ധതി മാർഗ്ഗ രേഖകൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തുകളുടെ ആസ്തികളിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള ഏത് റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഏറ്റെടുക്കുന്നതിന് മുമ്പ് -

എ)ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്ന് രേഖാമൂലം സമ്മതപത്രം വാങ്ങിയിരിക്കണം.

ബി) ഐ.എ.വൈ. പദ്ധതിക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം. നിയമം, പദ്ധതി മാർഗ്ഗരേഖ എന്നിവ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റ ചുമതലയിൽപ്പെടാത്ത മരാമത്ത് പ്രവൃത്തികൾ തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്ര.നം. | പ്രോജക്ടിന്റെ വിവരം | ബിൽനമ്പർ,തീയ്യതി | ചെലവുതുക(രൂപ) |
|---|---|---|---|
| 1 | മൂസ ഹാജിമുക്ക്-പടന്ന – പഴയ ബസാർ റോഡ് ഓവുചാൽ നിർമ്മാണം (പടന്ന ഗ്രാമ പഞ്ചായത്ത്)<br>പ്രോജക്ട് നമ്പർ. 11/2016-17<br>അടങ്കൽ 5,00,000/-<br>കരാറുകാർ- എം.വി.ബാലകൃഷ്ണൻ | 8/16-17/28-02-17 | 3,98,263 |
| 2 | ചെറുവത്തൂർ റെയിൽവേ സ്റ്റേഷൻ ഡ്രെയിനേജ് (ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്)<br>പ്രോജക്ട് നമ്പർ.24 /2016-17, 79/2015-16<br>അടങ്കൽ 7,78,520/-<br>കരാറുകാർ- എം.വി.കുഞ്ഞിക്കോരൻ | 3/16-17/31-12-16 | 6,02,928 |
| 3 | കാവുഞ്ചിറ പൂഴിക്കടവു റോഡ് | 2/2016-17/27-10-16 | 5,21,772 |

| | | | |
|---|---|---|---|
| | ഫോർമേഷൻ (ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്)<br><br>പ്രോജക്റ്റ് നമ്പർ. 19/2016-17, 16/2015-16<br><br>അടങ്കൽ 5,50,000/-<br><br>കരാറുകാർ- എൻ.വി.പുരുഷോത്തമൻ | | |
| 4 | കാരി പള്ളിക്കണ്ടം റോഡ് ഫോർമേഷൻ (ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്)<br><br>പ്രോജക്റ്റ് നമ്പർ. 20/2016-17, 17/2015-16<br><br>അടങ്കൽ 5,50,000/-<br><br>കരാറുകാർ- സി.നാരായണൻ | ഫസ്റ്റ് പാർട്ട് ബിൽ- 23/2015-16/31-03-16<br><br>സെക്കന്റ് പാർട്ട് ബിൽ- 1/2016-17/27-10-16 | 2,90,039<br><br>2,49,869 |
| ആകെ തുക | | | 20,62,871 |

മേൽ പ്രസ്താവിച്ച പ്രകാരം ചുമതലകളിൽപെടാത്ത മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ചതിന് വിശദീകരണം നൽകേണ്ടതും, ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 3-9 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക കുറച്ചു നൽകി

പ്രോജക്റ്റ് നം : SO.005/17, ബിൽ നം. : 01/16-17 തീയതി: 13.03.2017
തുക 7.25,000/- വികസന ഫണ്ട്, നിർവ്വഹണം: ശിശു വികസന പദ്ധതി ഓഫീസർ

11.01.2016ലെ ജി.ഒ.(എം.എസ്.)4/2016/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 9(iv)പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 5.8 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസസ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത(പ്രതിമാസ സ്കോളർഷിപ്പിനു പുറമെ) |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |

| | | | | |
|---|---|---|---|---|
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1,250 | 1,000 |
| 5 | ബിരുദാനന്തര ബിരുദം | 1,000 | 1,500 | 1,500 |
| 6 | വൊക്കേഷനൽ പരിശീലനം | 1,000 | 1,500 | 1,500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമനം. | ഇനം | സ്കോളർഷിപ്പ്/ബത്ത(രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1,000 |
| 2 | വസ്തുങ്ങൾക്കുള്ള ബത്ത(വാർഷികം) | 800 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 1,400 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 400 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1,000 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 19,000 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 20,000രൂപയ്ക്കും അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്. സർക്കാർ ഉത്തരവിലൂടെ നൽകാൻ നിർദ്ദേശിച്ച നിരക്കിൽ നിന്നും കുറവാണ് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുക.

ഓഡിറ്റ് വർഷം പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ചുവടെ ചേർത്തപ്രകാരം 7,25,000രൂപ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ. | പഞ്ചായത്ത് | തുക |
|---|---|---|

| | | |
|---|---|---|
| നം. | | |
| 1 | പടന്ന | 1,39,200 |
| 2 | വലിയപറമ്പ | 96,600 |
| 3 | തൃക്കരിപ്പൂർ | 1,25,000 |
| 4 | പിലിക്കോട് | 1,00,000 |
| 5 | ചെറുവത്തൂർ | 1,39,200 |
| 6 | കയ്യൂർ-ചീമേനി | 1,25,000 |
| | ആകെ | 7,25,000 |

പദ്ധതിയുടെ ഗ്രാമ പഞ്ചായത്ത് തല നിർവ്വഹണ ഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നല്കുന്ന ലിസ്റ്റ് പ്രകാരമുള്ള തുക ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിശ്ചയപ്രകാരം അർഹതപ്പെട്ട തുക തന്നെ ഓരോരുത്തർക്കും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ മതിയായ രേഖകൾ ശിശുവികസന പദ്ധതി ഓഫീസറുടെ പക്കൽ ലഭ്യമല്ല. ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന ലിസ്റ്റുകളിൽ ബ്ലോക്ക് പഞ്ചായത്ത് നൽകേണ്ട വിഹിതത്തിന്റെ വിശദാംശം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ അർഹതപ്പെട്ട തുക, ഗ്രാമ പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവ വകയിരുത്തിയ തുക തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തുമ്പോൾ ഗുണഭോക്താവിന്റെ പൂർണ്ണ വിവരങ്ങൾ ഉൾപ്പടെ മേൽപരാമർശിച്ച മുഴുവൻ വിവരങ്ങളും ശേഖരിക്കുവാനും, ഗുണഭോക്താക്കൾക്ക് സർക്കാർ നിശ്ചയിച്ച പ്രകാരം അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുവാൻ ബന്ധപ്പെട്ട ഐ.സി.ഡി.എസ്.സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. കൂടാതെ ബ്ലോക്ക് പഞ്ചയത്ത് പദ്ധതിപ്രകാരം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ മുഖേന നല്കിയ ആനുകൂല്യം ബന്ധപ്പെട്ട അക്കൗണ്ടുകളിൽ വരവ് വെയ്ക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ഇതു സംബന്ധിച്ച പരിശോധന റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് തല നിർവ്വഹണഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ് . ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-10 താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് നം.- 46/2017 തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

വകയിരുത്തൽ- മെയിന്റനൻസ് ഫണ്ട്(റോഡിതരം) 8,00,000/-

ബിൽ നം.- 04/2016-17 തീ.15.03.2017 തുക- 1,35,493/-

പ്രോഫോർമ ഇൻവോയിസ് നം- PRF 2906/ 27.02.2017

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ,തൃക്കരിപ്പൂർ താലൂക്ക് ഹോസ്പിറ്റൽ

തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രോഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ നം. പ്രകാരം 1,35,493/- രൂപ

പിൻവലിച്ച് നൽകിയിട്ടുണ്ടെങ്കിലും (NEFT on 15.03.2017) നാളിതു വരെയായിട്ടും മരുന്നുകൾ നൽകിയിട്ടില്ല. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക നൽകിയിട്ട് ഏഴു മാസം പിന്നിട്ടിട്ടും മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 1,35,493/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 മെഡിക്കൽ ഓഫീസർ,ചെറുവത്തൂർ സി എച്ച് സി നിർവ്വഹണം നടത്തിയ പദ്ധതികൾ – അപാകതകൾ

I. പ്രോജക്റ്റ് നം- 34/2017 സഞ്ചരിക്കുന്ന ആതുരാലയം

വകയിരുത്തൽ - വികസന ഫണ്ട്( സാധാ) 8,00,000/-

ബിൽ നം- 09/2016-17 തീയ്യതി.27.02.2017 – രൂ. 56,325/-

ശയ്യാവലംബിയായ രോഗികൾക്ക് ആരോഗ്യ പരിചരണം നൽകുന്നതിനു വേണ്ടി വിഭാവനം ചെയ്ത മേൽ പദ്ധതിയുടെ ആവശ്യത്തിനായി ഉപയോഗിച്ചിരുന്ന ആംബുലൻസിന്റെ റിപ്പയറിങ്ങ് നടത്തിയതിനു ഗവൺമെന്റ് അപ്രൂവ്ഡ് സ്ഥാപനമായ പ്രിൻസ് ഓട്ടോമൊബൈൽ വർക്സിനു 24,230/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 09.01.2017 നു പ്രസ്തുത സ്ഥാപനം നൽകിയ 26,700/- രൂപയുടെ എസ്റ്റിമേറ്റ് 17,400/- യ്ക്കാണ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ , പി ഡബ്ല്യു.ഡി മെക്കാനിക്കൽ സബ് ഡിവിഷൻ, കണ്ണൂർ അംഗീകരിച്ചതായി കാണുന്നത്(ലെറ്റർ നം.D3-4409/BPT തീ. 20.01.2017). കൂടാതെ 10,000/- രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന എല്ലാ റിപ്പയറിങ് വർക്കുകളും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണെന്ന സർക്കാർ നിർദേശവും പാലിച്ചതായി കാണുന്നില്ല (ജി ഒ (എം എസ്)170/07/ത സ്വ ഭ വ തീ.30.06.2007). പി ഡബ്ല്യു ഡി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച നിരക്കിനേക്കാൾ ഉയർന്ന നിരക്ക് നൽകിയതിനും ക്വട്ടേഷൻ കൂടാതെ റിപ്പയറിങ് വർക്ക് നടത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

II. പ്രോജക്റ്റ് നം- 36/2017 സമഗ്ര കാൻസർ നിയന്ത്രണ ദൗത്യം

വകയിരുത്തൽ - പൊതു വിഭാഗം( സാധാ) 7,20,000/-

തനതു ഫണ്ട് 34,000/-

ബിൽ നം- 10/2016-17 തീയ്യതി.27.02.2017 92,785/-

കാൻസർ നിർണ്ണയത്തിനും ബോധവത്ക്കരണ -പരിശീലന ക്ലാസുകൾക്കായും വിഭാവനം ചെയ്ത മേൽ പദ്ധതിക്കായി സ്വകാര്യ കംമ്പ്യൂട്ടർ സ്ഥാപനത്തിൽ നിന്നും 44,560/- രൂപ നൽകി രണ്ട് ലാപ്ടോപ്പുകൾ വാങ്ങിച്ചിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ മേൽ പ്രോജക്റ്റിന്റെ നടത്തിപ്പിനായി എന്താവശ്യത്തിനാണ് ഉപകരിക്കുന്നതെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ ലാപ്പ്ടോപ്പുകൾ വാങ്ങാനായി പ്രോജക്റ്റിൽ തുക വകയിരുത്തിയിട്ടുമില്ല. ലാപ്പ്ടോപ്പുകൾ വാങ്ങിയതിന് അംഗീകാരം നൽകിയതായുള്ള ബ്ലോക്ക് പഞ്ചായത്ത് പർച്ചേസ്ങ് കമ്മിറ്റി/ഭരണ സമിതി തീരുമാനങ്ങളും ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറുടെ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ചെലവ് തുക നിർവ്വഹണോദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യത ആകുന്നതാണ്.(ഓഡിറ്റ് എൻക്വയറി നം 07 /04.11.2017).

## 3-12 സ്വകാര്യ സ്ഥാപനത്തിൽ നിന്നും കുറഞ്ഞ നിരക്കിൽ വാങ്ങുന്ന മരുന്നുകൾക്കും അനുബന്ധ സാമഗ്രികൾക്കും വിതരണം ചെയ്യുന്ന വേളയിൽ 'കാരുണ്യ' കൂടിയ നിരക്ക് ഈടാക്കുന്നു - അധികചെലവ്-

പ്രോജക്റ്റ് നം- 67/2017 ഡയാലിസിസ് രോഗികൾക്ക് മരുന്ന് കിറ്റ് നൽകൽ

ഫണ്ട് - മെയിന്റനൻസ് ഫണ്ട്( റോഡിതരം) 5,99,987/-

ബിൽ നം- 13/2016-17 തീയ്യതി.15.03.2017- തുക – 5,99,987/-

ഡയാലിസിസ് രോഗികൾക്ക് മരുന്ന് കിറ്റ് നൽകാനായി വിഭാവനം ചെയ്ത മേൽ പദ്ധതി പ്രകാരം ചെറുവത്തൂർ CHC ക്ക് മരുന്നുകളും അനുബന്ധ സാമഗ്രികളും ലഭ്യമാക്കിയതിന് (ഇൻവോയിസ് നം.81/22.05.2017, 83/27.05.2017) കാരുണ്യ മെഡിക്കൽ ഡിപ്പോ, മാലാപറമ്പ, കോഴിക്കോടിന് 5,99,987/- രൂപ നൽകിയിട്ടുണ്ട്(NEFT on 15.03.2017). എന്നാൽ പ്രസ്തുത പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ കേരളത്തിലെ ഡയാലിസിസ് ഉപകരണങ്ങളുടെ പ്രമുഖ ഡീലർമാരായ Grahams pharmaceuticals,Cochin എന്ന സ്വകാര്യ സ്ഥാപനവും മേൽ ഇൻവോയിസ് പ്രകാരമുള്ള മരുന്നുകളും അനുബന്ധ സാമഗ്രികളും വിതരണം ചെയ്തതായുള്ള ബില്ലുകൾ കാണാൻ സാധിച്ചു (ഇൻവോയിസ് നം.0129/2017-18 തീ.05.05.2017). ആയതിനാൽ പ്രസ്തുത മരുന്നുകളും അനുബന്ധ സാമഗ്രികളും യഥാർത്ഥത്തിൽ ആരാണ് വിതരണം ചെയ്തത് എന്നറിയുന്നതിനായി Grahams pharmaceuticals,Cochin എന്ന സ്വകാര്യ സ്ഥാപനത്തിന്റെ ഇൻവോയിസ്/ബിൽ വിശദമായി പരിശോധിക്കുകയുണ്ടായി. Grahams pharmaceuticals ൽ നിന്നും കാരുണ്യ മാനേജിങ് ഡയറക്ടർ ചെറുവത്തൂർ CHCയിലേക്ക് വിതരണം ചെയ്യാനായി വാങ്ങിയ സാമഗ്രികളാണ് ഇവയെന്ന് Grahams pharmaceuticals ന്റെ മേൽപരാമർശിച്ച 05.05.2017 തീയ്യതിയിലെ ബിൽ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ കാരുണ്യ മെഡിക്കൽ ഡിപ്പോ സ്വകാര്യ സ്ഥാപനത്തിൽ നിന്നും മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് വാങ്ങി കൂടിയ വിലയ്ക്ക് ഹോസ്പിറ്റലിൽ വിതരണം ചെയ്തതാണെന്ന നിഗമനത്തിൽ ആണ് എത്തിച്ചേരുന്നത്. ലഭ്യമാക്കിയ മരുന്നുകളും അനുബന്ധ സാമഗ്രികളും താരതമ്യം ചെയ്തതിന്റെ വിശദാംശം താഴെക്കൊടുക്കുന്നു.

| Grahams pharmaceuticals ന്റെ ബിൽ പ്രകാരമുള്ള തുക | | | കാരുണ്യ മെഡിക്കൽ ഡിപ്പോയുടെ ബിൽ പ്രകാരമുള്ള തുക | | |
|---|---|---|---|---|---|
| മരുന്നുകളും അനുബന്ധ സാമഗ്രികളും | യൂണിറ്റ് പ്രൈസ്& ക്വാണ്ടിറ്റി | ഈടാക്കിയ ആകെ തുക | മരുന്നുകളും അനുബന്ധ സാമഗ്രികളും | യൂണിറ്റ് പ്രൈസ്& ക്വാണ്ടിറ്റി | ഈടാക്കിയ ആകെ തുക |
| F6 Hps Dialyser Batch XKB13100 | 579.05 x 214 | 123916.7 | F6 Hps Dialyser Batch XKB13100 | 657 x 214 | 140598 |
| F5 Hps Dialyser Batch WKC28100 | 540 x 15 | 8100 | F5 Hps Dialyser Batch WKC28100 | 660 x 15 | 9900 |
| Blood Tubings(Post pump,Multiple Use)FMC Batch XLC141 | 123 x 230 | 28290 | Blood Tubings(Post pump,Multiple Use)FMC Batch XLC141 | 140 x 230 | 32200 |
| ആകെ | | 160306.7 | ആകെ | | 1,82,698 |

കാരുണ്യയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് പകരം ഓപ്പൺ ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചായിരുന്നു വാങ്ങലുകൾ

നടത്തിയിരുന്നുവെങ്കിൽ മേൽ പരാമർശിച്ച രീതിയിലുള്ള നഷ്ടം സംഭവിക്കില്ലായിരുന്നു എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടേയും സർക്കാറിന്റേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല

ബ്ലോക്ക് പഞ്ചായത്ത് മേഖലയിൽ 2016-17 കാലഘട്ടങ്ങളിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | 2016-17 |
|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 24,780 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 35,906 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 13,117 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 14,641 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 6,25,327 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 47.66% |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1,459 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി കേവലം 45 മുതൽ 50 വരെ തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. അതുപോലെ കേവലം 4% മുതൽ 6% വരെ കുടുംബങ്ങൾക്കു മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. ഇതിൽ നിന്നും തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ബ്ലോക്ക് പഞ്ചായത്ത് ആവശ്യമായ ഗൗരവം കാണിച്ചിരുന്നില്ല എന്നു വ്യക്തമാകുന്നു. ദരിദ്രരായ അനേകം ആളുകൾ അധിവസിക്കുന്ന ഈ പ്രദേശത്തെ കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പി.എ.യു.കാസർഗോഡ്(ജില്ലാ പഞ്ചായത്ത് വിഹിതം) | 2016-17 | 1,68,000 | പി.എം.എ.വൈ.അധിക ധനസഹായം(ജനറൽ) | 1,40,000 | 28,000 |
| | 2016-17 | 1,12,000 | പി.എം.എ.വൈ.അധിക | 56,000 | 56,000 |

| | | | | | |
|---|---|---|---|---|---|
| | | | ധനസഹായം(എസ്.സി.പി) | | |
| | 2016-17 | 45,500 | പി.എം.എ.വൈ. അധിക ധനസഹായം(ടി.എസ്.പി) | 45,500 | 0 |
| | 2016-17 | 1,68,000 | പി.എം.എ.വൈ. അധിക ധനസഹായം(ന്യൂനപക്ഷവിഭാഗങ്ങൾ) | 1,12,000 | 56,000 |
| പിലിക്കോട് ഗ്രാമ പഞ്ചായത്ത് | 2016-17 | 60,000 | പി.എം.എ.വൈ.(എസ്.സി.പി)ഗ്രാമ പഞ്ചായത്ത് വിഹിതം | 40,000 | 20,000 |
| പിലിക്കോട് ഗ്രാമ പഞ്ചായത്ത് | 2016-17 | 57,500 | പി.എം.എ.വൈ.(ടി.എസ്.പി) ഗ്രാമ പഞ്ചായത്ത് വിഹിതം | 57,500 | 0 |
| പിലിക്കോട് ഗ്രാമ പഞ്ചായത്ത് | 2016-17 | 20,000 | പി.എം.എ.വൈ.(ജനറൽ)ഗ്രാമ പഞ്ചായത്ത് വിഹിതം | 20,000 | 0 |
| കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്ത് | 2016-17 | 60,000 | പി.എം.എ.വൈ.(ജനറൽ)ഗ്രാമ പഞ്ചായത്ത് വിഹിതം | 60,000 | 0 |
| വലിയപറമ്പ ഗ്രാമ പഞ്ചായത്ത് | 2016-17 | 80,000 | പി.എം.എ.വൈ.(ജനറൽ)ഗ്രാമ പഞ്ചായത്ത് വിഹിതം | 60,000 | 20,000 |
| തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് | 2016-17 | 40,000 | പി.എം.എ.വൈ.(ജനറൽ)ഗ്രാമ പഞ്ചായത്ത് വിഹിതം | 40,000 | 0 |
| തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് | 2016-17 | 45,000 | പി.എം.എ.വൈ.(എസ്.സി.പി)ഗ്രാമ പഞ്ചായത്ത് വിഹിതം | 45,000 | 0 |
| പടന്ന ഗ്രാമ പഞ്ചായത്ത് | 2016-17 | 45,000 | പി.എം.എ.വൈ.(എസ്.സി.പി)ഗ്രാമ പഞ്ചായത്ത് വിഹിതം | 0 | 45,000 |

വിവിധപദ്ധതികൾക്കായി മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് ചെലവഴിക്കുവാനവശേഷിക്കുന്ന തുക വിനിയോഗിക്കുവാൻ സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 (പ്ലാൻ) | 2(2) | 2007-08 | 3.66.1 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി പ്രവൃത്തി ആരംഭിച്ചിട്ടില്ല. പാഴ് ചെലവ് | നടപടി തുടരുന്നു |
| 1999-2000 | 2(3) | | | | |
| 1997-98 | 2(3) | 2007-08 | 3.66.3 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയിട്ടില്ല | നടപടി തുടരുന്നു |
| | 2(6) | | | | |
| 1998-99 | 2(7) | | | | |
| 199-2000 | 2(7) | | | | |
| 2005-06 | 3(1) | 2008-09 | 3.4.2 | കരാറുകാരൻ സ്വന്തം മണ്ണുപയോഗിച്ചുള്ള പ്രവൃത്തികൾ – സാങ്കേതിക നിർദ്ദേശം പാലിച്ചിട്ടില്ല | നടപടി തുടരുന്നു |
| 2006-07 | 3(1) എ<br>3(1) ബി<br>3(1) സി | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2016-17 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,06,75,182 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,41,92,110 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8,195 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 48,95,139 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3(7) | ----- | 8,195 | രാജീവൻ,ഉറുമിവളപ്പിൽ, അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| ആകെ | | 8,195 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(3) | 11,29,646 | ഷാജിമാത്യു,സെക്രട്ടറി(ഇൻ ചാർജ്ജ്) |
| 3(4) | 4,50,000 | പാത്തുമ്മ.എം.എം,സെക്രട്ടറി(ഇൻ ചാർജ്ജ്) |
| | 31,80,000 | ഷാജിമാത്യു,സെക്രട്ടറി(ഇൻ ചാർജ്ജ്) |
| 3(10) | 1,35,493 | ഡോ.മനോജ്.ജെ.എച്ച്, സൂപ്രണ്ട് താലൂക്ക് ആശുപത്രി, തൃക്കരിപ്പൂർ |
| | 48,95,139 | |

<u>(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.</u>

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 2(1) | രാജീവൻ ഉറുമിവളപ്പിൽ, അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് | ഭുവി,മൈത്രിറോഡ്, പീരകംതടം, പിലാത്തറ.പി.ഒ, കണ്ണൂർ-670504. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 5/753/04 തീയ്യതി 8-11-05 | 11 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 5/754/04 തീയ്യതി 13-12-05 | 8 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 5/795/04 തീയ്യതി 10-05-06 | 11 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 5/822/04 തീയ്യതി 06-06-06 | 8 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 5/821/04 തീയ്യതി 02-06-06 | 5 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി 8/622/07 തീയ്യതി 17-10-07 | 15 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 8/623/07 തീയ്യതി 30-05-08 | 14 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി 8/624/07 തീയ്യതി 30-05-08 | 7 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 8/625/07 തീയ്യതി 30-05-08 | 7 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 8/626/07 തീയ്യതി | 8 |

| | | |
|---|---|---|
| | 30-05-08 | |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 6/358/13 തീയ്യതി 7-05-2013 | 8 |
| 2008-09 to 2009-10 | എൽ.എഫ്.കെ.എസ്.ഡി 6/1032/14(1) തീയ്യതി-20-3-15 | 14 |
| 2010-11-to 2011-12 | കെ.എസ്.എ-കെ.എസ്.ഡി9/262/2016 തീയ്യതി-28-9-2016 | 15 |
| 2012-13 to 2013-14 | കെ.എസ്.എ-കെ.എസ്.ഡി.9/855/2016 തീയ്യതി-28-03-2017 | 6 |
| 2014-15 to 2015-16 | കെ.എസ്.എ.കെ.എസ്.ഡി-9-252/2017 തിയതി: 20.03.2017 | 14 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,കാസർഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി 9/1144 /2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

തീയതി.14.11,2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 2-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

## AUDIT CERTIFICATE

No. KSA -KSD9 /1144/2017

Kerala State Audit Department

District Audit Office,Kasaragod,

Dated: 14.11.2017.

Certified that, I have audited the Annual Financial Statement of Neeleshwaram Block Panchayat in Kasaragod District for the year ended on 31-03-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Neeleswaram Block Panchayat for the year 2016-17 except the observations in para 2-1 of my Audit Report , properly presents the picture of income and expenditure.

Senior Deputy Director,

Kerala State Audit Department,

District Audit Office, Kasaragod.